**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2813** **13-10-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വന്യമൃഗശല്യം രൂക്ഷമായ എരുമേലി പഞ്ചായത്തിലെ കാളകെട്ടി പ്രദേശത്ത് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | അഴുതയാറിനോട് ചേർന്ന് അഴുതക്കടവ് മുതൽ മൂക്കൻപെട്ടി വരെയുള്ള ഭാഗങ്ങളിൽ ചിലയിടങ്ങളിലൂടെയാണ് കാട്ടാനകൾ അഴുതയാറിലൂടെ കാളകെട്ടി മേഖലകളിലേക്ക് എത്തുന്നത്. 3 കി.മീ. ഓളം വരുന്ന അഴുതക്കടവ് മുതൽ മൂക്കൻപെട്ടി വരെയുള്ള ഭാഗം സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളാണ്. രണ്ട് വർഷങ്ങൾക്ക് മുമ്പ് സൗരോർജ്ജവേലിക്കായി ഫണ്ട് അനുവദിച്ചെങ്കിലും ടി പ്രദേശത്തെ സ്ഥലമുടകളുടെ എതിർപ്പുമൂലമാണ് ഇത് നടപ്പാക്കാൻ കഴിയാതെ വന്നത്. ടി. 3 കി.മീ. സ്ഥലത്തുകൂടി സൗരോർജ്ജവേലി സ്ഥാപിച്ചാൽ വന്യമൃഗശല്യത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും. ജനസഹകരണം ഉണ്ടാകുന്ന പക്ഷം ആയത് കൂടി പൂർത്തിയാക്കുന്നതാണ്. |
| (ബി) | എരുമേലി പഞ്ചായത്തിലെ ഏയ്ഞ്ചൽവാലി, പമ്പാവാലി, മൂക്കൻപെട്ടി പ്രദേശങ്ങളിലെയും മുണ്ടക്കയം പഞ്ചായത്തിലെ കണ്ണിമല പ്രദേശത്തെയും തകരാറിലായ സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | എരുമേലി ഗ്രാമപഞ്ചായത്തിലെ ഏയ്ഞ്ചൽവാലി, പമ്പാവാലി, മൂക്കൻപെട്ടി എന്നീ സ്ഥലങ്ങളിലെ തകരാറിലായ സൗരോർജ്ജവേലികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മുണ്ടക്കയം പഞ്ചായത്തിലെ കണ്ണിമല മേഖലയിലെ തകരാറിലായ സൗരോർജ്ജവേലി അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ